# 11

# ഈസെബേൽ

# പിശാചിന്റെ മതപ്രചാരക

വേദഭാഗം:1 രാജാക്കന്മാർ 16:29-22:40

ഒരു *സുവിശേഷ* പ്രാസംഗികൻ: നാം അദ്ദേഹത്തെ എങ്ങനെ വിവരിക്കും? എന്തെല്ലാം ഗുണങ്ങളാണ് അദ്ദേഹത്തിനുള്ളത്? അദ്ദേഹം എന്താണ് ചെയ്യുന്നത്? ദൈവത്തിന്റെ വചന ശുശ്രൂഷ നടത്തുന്നയാളെ പരിശുദ്ധാത്മാവ് പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്കിന്റെ പ്രത്യേകതയുള്ള വാക്കുകളെ യോജിപ്പിച്ചാൽ ഒരു ഖണ്ഡിക-വരുന്ന നിർവ്വചനം ലഭിക്കും:

> ഒരു സുവിശേഷപ്രാസംഗികൻ, ക്രിസ്തുവിനെ പോലെ, ദൈവഭക്തനായി, ധൈര്യത്തോടും, തീർച്ചയോടും, സ്നേഹത്തോടും സുവിശേഷം മുഴുവനായും പ്രഖ്യാപിക്കുന്നവനായിരിക്കും. അദ്ദേഹം, വചനാധികാരത്താൽ അയക്കപ്പെടുന്ന വർത്തകനായി തന്റെ കേൾവിക്കാർക്ക് സുവിശേഷത്തിന്റെ ആവശ്യകത ബോധ്യമാക്കുകയും, അതിലേക്കുള്ള ദൈവത്തിന്റെ ക്ഷണത്തെ വ്യക്തമാക്കുകയും അതു സ്വീകരിക്കുവാൻ ആഹ്വാനം ചെയ്ത് അതിൻപ്രകാരം ജീവിക്കുവാൻ ഉത്തേജിപ്പിക്കുകയും ചെയ്യും.

കൃത്യമായ വിവരങ്ങൾ പ്രസംഗിക്കുമ്പോൾ, അതിൽ താഴെ പറയുന്ന അവശ്യ ഘടകങ്ങൾ ഉൾപ്പെട്ടിരിക്കും: (1) മനുഷ്യന്റെ സ്വഭാവം, (2) അദ്ദേഹത്തിന്റെ അവതരണരീതി, (3) തന്റെ ദൗത്യം, (4) തന്റെ പ്രവൃത്തിയുടെ മഹത്വം, (5) താൻ നൽകുന്ന സന്ദേശം.

ആ ഗുണങ്ങളെല്ലാം ഒരാളിൽ കാണുകയും, ദൈവിക തുല്യത നിലനിർത്തുകയും ചെയ്താൽ, നാം ദൈവപദ്ധതിയുടെ പ്രസക്തി അതിൽ കാണും. സുവിശേഷ പ്രസംഗ പ്രവൃത്തി എന്നത് ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് ഏറ്റവും ഉയർന്ന ഒന്നാണ്.

ഈ ചിന്തയെ പിന്തുടരുവാനായി നമുക്ക് നാണയത്തിന്റെ മറുവശത്തുള്ള പിശാചിന്റെ ദാസനെ ഒന്നു സങ്കൽപിച്ചു നോക്കാം. ആ വ്യക്തിയുടെ സ്വഭാവം എന്താണ്? ചില കാര്യങ്ങളൊഴിച്ചാൽ, അയാളുടെ സ്വഭാവം സുവിശേഷ പ്രാസംഗികന്റെ നേരെ എതിരായിരിക്കും. അയാളെ കുറിച്ചുള്ള വിവരണം ഏതാണ്ട് ഇതുപോലെ ഇരിക്കും:

> പിശാചിന്റെ ഉപദേഷ്ടാവ് സാത്താനെ പോലെയുള്ള ഒരു മനുഷ്യനും ധൈര്യത്തോടും ആജ്ഞയോടും കൂടെ സദസ്യരുടെ ഇഷ്ടത്തിന് വിപരീതമായി, തിന്മയും പാപവും ചെയ്യുന്നതിനുള്ള സന്ദേശമായിരിക്കും നൽകുക. അവൻ പിശാചിന്റേയും അവന്റെ ദൂതന്മാരുടേയും സഹപ്രവർത്തകനായി ദുഷ്ടതയെയും തരംതാഴ്ത്തലിനേയും ഉത്തേജിപ്പിക്കും. മറ്റുള്ളവർ പിശാചിന്റെ സന്ദേശം കേൾക്കുകയും, കൈക്കൊള്ളുകയും,

അതു മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യുവാനാണ് ആഹ്വാനം ചെയ്യുക.

ആ രണ്ട് നിർവ്വചനങ്ങളും നമ്മെ ഓർപ്പിക്കുന്നത് ലോകത്തിൽ നിരന്തരമായി നടക്കുന്ന ആത്മിയമായ പോരാട്ടത്തെയാണ്. അത് ഒരിക്കലും അവസാനിക്കാത്ത-യുദ്ധമാണ്, ദിനമ്പ്രതിയുള്ള അർമ്മഗദോൻ പോരാട്ടം, എല്ലാവരും നേരിടുന്ന നിരന്തരമായ നന്മയും തിന്മയും തമ്മിലുള്ള പോരാട്ടത്തിൽ എല്ലാവരും ജയിക്കുകയോ അല്ലെങ്കിൽ പരാജയപ്പെടുകയോ ചെയ്യും. ആർക്കും ഒഴികഴിവില്ലാത്ത പോരാട്ടമാണിത്. തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യത്തിലേക്ക് നമ്മെ വിടുമ്പോൾ, രണ്ട് തിരഞ്ഞെടുപ്പുകളാണ് നമുക്ക് മുൻപിലുള്ളത്, രണ്ട് ഉപദേഷ്ടാക്കന്മാർ ജീവിതത്തിന്റെ രണ്ട് വ്യത്യസ്ത വഴികളെ പ്രതിനിധാനം ചെയ്യുകയും, രണ്ട് വ്യത്യസ്ത വഴികളിലേക്ക് നയിക്കുകയും ചെയ്യും. ഉപദേഷ്ടാക്കന്മാർ എല്ലാ രീതിയിലും, ആകൃതിയിലും, വ്യത്യസ്ത വ്യക്തിത്വങ്ങളിലും, കഴിവുകളിലും, എല്ലായ്പോഴും വിവിധ തലങ്ങളിൽ നമ്മെ സമീപിക്കുന്നു.

നമുക്ക് പ്രത്യേകമായി പിശാചിന്റെ പ്രവർത്തകനെ നോക്കാം, ഒരു നിർവ്വചനത്തിൽ ഒതുങ്ങുന്നതിനുപകരം, വാസ്തവത്തിലുള്ള ദൈവികമായ ഒരു ചിത്രത്തിലേക്ക് തിരിയാം. "ഒരു ആശയത്തിനു വിലങ്ങനെയുള്ളതു മനസിലാക്കുവാൻ അത് ഒരു വ്യക്തിയിൽ വെച്ചു നോക്കണം" എന്ന് ആരോ പറഞ്ഞിരിക്കുന്നു. അത്തരം ഒരു വ്യക്തിയെ വടക്കെ രാജ്യത്ത് - ഒമ്രിക്കും യേഹുവിനും ഇടയിൽ ആക്കിയിരിക്കുന്നത് - നാം കണ്ടില്ലെന്ന് നടിക്കരുത്. നാം ആ ചിത്രത്തെ സ്കാൻ ചെയ്യുമ്പോൾ, യെഹസ്കേലിന്റെ കാലത്ത് സെമിത്തേരിയിൽനിന്ന് നാഡീവ്യൂഹവും പേശികളും ഒത്തുചേർന്നതുപോലെ (യെഹസ്കേൽ 37), പിശാചിന്റെ ദാസനിൽനിന്നു അസ്ഥിയും മാംസവും പുറത്തു വരും. പിന്നെ പിശാച് പ്രേരിപ്പിക്കുന്ന ഭയാനക കാഴ്ച്ച നമുക്ക് കാണുവാൻ കഴിയും.

നാം കാണുന്ന ചിത്രം ഒരു പുരുഷന്റേതല്ല, പിന്നെയോ സ്ത്രീയുടേതാ് - ഒരു അസാധാരണ സ്ത്രീ, പിശാചിന്റെ ഒരു കാര്യസ്ഥ, വികാരത്താൽ മത്തുപിടിച്ച സ്ത്രീ. അത് ഈസെബേലല്ലാതെ മറ്റാരുമല്ല. അവളുടെ പേർ രാജകിയത്വത്തിൻ പര്യായമായിരുന്നു, കാരണം അവൾ സോർ രാജാവായ എത്ത്ബാലിന്റെ മകളും, യിസ്രായേൽ രാജാവായിരുന്ന ആഹാബിന്റെ ഭാര്യമായിരുന്നു. അവൾ യിസ്രായേൽ രാജാവായ യോരാമിന്റെ അമ്മയായിരുന്നു; അവൾ യിസ്രായേൽ രാജാവായിരുന്ന അഹസ്യാവിന്റെ വെല്യമ്മയായിരുന്നു; യെഹൂദാ രാജാവായിരുന്ന യോരാമിന്റെ അമ്മായി-അമ്മ-യുമായിരുന്നു അവൾ. അവളുടെ പാപത്തിന്റെ ആഴവും, അവ മറ്റുള്ളവരെക്കൊണ്ട് ചെയ്യിച്ചതും നിമിത്തം നമുക്ക് അവളെ പിശാചിന്റെ പ്രചാരക എന്നു വിളിക്കാം. തന്റെ പ്രവർത്തകരിൽ ഒരാളെക്കൊണ്ട് എന്തെല്ലാം ചെയ്യിക്കാമോ, അത്തരം സ്വഭാവമായിരുന്നു അവളിലുണ്ടായിരുന്നത്.

വടക്കെ രാജ്യത്തെ അവൾ തന്റെ സുവിശേഷ പ്രചരണം നടത്തിയ രീതിയാണ് നമ്മിൽ പ്രാഥമികമായി താൽപര്യം ജനിപ്പിക്കുന്നത്. ബാൽ വിഗ്രഹത്തെ വീണു വണങ്ങത്തക്കവിധത്തിൽ ഏതാണ്ട് ഒരു ദേശത്തെ മുഴുവൻ കൊണ്ടുവരുവാൻ അവൾക്ക് കഴിഞ്ഞു. തൽഫലമായി, യിസ്രായേലിന്റെ ചരിത്രത്തിൽ ആഹാബിന്റെ വാഴ്ച്ചക്കാലത്ത്, യഹോവയെ ആരാധിക്കുന്നതിൽനിന്നു ജനം വളരെ അകന്നു പോയി.[2] ഒരു ദേശത്തെ വിശ്വാസത്യാഗത്തിലേക്ക്

നയിക്കുന്നതിൽ, ഈസെബേൽ വിജയിച്ചു എന്ന്, ഏതു കാഴ്ച്ചപ്പാടിൽ നോക്കിയാലും ആളുകൾ പറയും. അവൾക്ക് അതെങ്ങനെ ചെയ്യുവാൻ കഴിഞ്ഞു? അവൾ എന്തു സാങ്കേതികത്വമാണ് അതിന് ഉപയോഗിച്ചത്?

## ജ്വലിക്കുന്ന എരിവ്

തിന്മ ജ്വലിപ്പിക്കുന്നതും, മടുത്തുപോകാത്ത എരിവും ഈസെബേലിൽ ശക്തമായുണ്ടായിരുന്നു എന്നത് അവിതർക്കിതമായ ഒരു സ്വഭാവമായിരുന്നു. അന്യ ദേവന്മാരെ നമസ്ക്കരിക്കുന്ന മതത്തിൽ അവൾ വലിയ-ഒരംഗം-ആയിരുന്നില്ല; അവൾക്ക് പ്രത്യേകമായി ശ്രദ്ധിക്കാവുന്ന, പ്രാദേശിക അംഗത്വം മാത്രമായിരുന്നു ഉണ്ടായിരുന്നത്. അവൾ എവിടെ നിൽക്കുമെന്നും അവളുടെ ഉദ്ദേശമെന്തെന്നും അവളെ അറിയാവുന്നവർക്ക് ബോധ്യമുണ്ടായിരുന്നു. അവൾക്ക് അസാധാരണ സമർപ്പണമൊന്നുമില്ലായിരുന്നു, ചിലപ്പോൾ അവൾക്ക് ബാലിൽ ആവേശമുണ്ടാകുകയും, മറ്റു ചിലപ്പോൾ ഇല്ലാതിരിക്കുകയും ചെയ്തിരുന്നു; എന്നാൽ അവളുടെ രാജാവിനെ കേന്ദ്രീകരിച്ചായിരുന്നു അവളുടെ തുടർച്ചയായ പരിശ്രമങ്ങളെല്ലാം.

അവൾ വടക്കെ രാജ്യത്ത് എത്തിയ ഉടനെ, ദേശത്തെ മുഴുവൻ ഘോരവും, ഭയാനകവുമായ ബാൽ മതത്തിന്റെ പ്രയോക്താവായിട്ടാണ് അറിയപ്പെട്ടത്. ധൈര്യത്തോടെ ആരെങ്കിലും യഹോവയെ നമസ്ക്കരിക്കുന്ന പരിശീലനത്തിന് ഒരുമ്പെട്ടാൽ അയാൾക്ക് ഈസെബേലിനോട് പോരാടേണ്ടിയിരുന്നു.

ചരിത്രകാരനായിരുന്ന ജോസെഫസ് പറയുന്നതനുസരിച്ച്, ഈസെബേലിന്റെ അപ്പനായിരുന്ന ഇത്ത്ബാൽ (ഇതോബാൽ എന്നും അല്ലെങ്കിൽ ഇതോബാലസ് എന്നും അറിയപ്പെട്ടിരുന്നു[3]) അസ്താർത്തെയുടെ പുരോഹിതനായിരുന്നു (16:31), അവൻ സിദോന്യ സിംഹാസനത്തെ കയ്യൂക്കിനാൽ പിടിച്ചെടുത്തതാണ്. ഫൊയ്നിക്യ ദേവനായിരുന്ന ബാലിൽ അവന് തീഷ്ണവികാരമുണ്ടായിരുന്നതിനാൽ ബാലിനെ നമസ്ക്കരിക്കുന്ന ജ്വലിക്കുന്ന വികാരം അവൻ മകളിൽ ജ്വലിപ്പിച്ചിരിക്കാം. ഒരു സത്യം തീർച്ചയാണ്: അവൻ അവളെ പഠിപ്പിച്ചിട്ടില്ലെങ്കിൽ, മറ്റാരെങ്കിലും അവളെ നന്നായി പഠിപ്പിച്ചിരിക്കും, കാരണം അവൾ എല്ലാ വിധത്തിലും, എല്ലാ-യിടത്തും എല്ലാ-വരും ബാലിനു മുട്ടു മടങ്ങുന്ന അവസ്ഥയിലേക്ക് തിരിച്ചു.[4]

അവൾക്ക് കുടുംബത്തേക്കാളും ഭർത്താവ് ആഹാബിനേക്കാളും, മതം വലുതായി തീർന്നു. അവളുടെ ഭർത്താവിനോടല്ല, അന്യദേവനായിരുന്ന ബാലിനോടുള്ള, അത്യഗാധമായ സ്നേഹവുമായിട്ടാണ് അവൾ വടക്കേ രാജ്യത്ത് വന്നത്. അവളെ സംബന്ധിച്ച്, ഒരു രാജാവിനെ വിവാഹം കഴിക്കുക എന്നാൽ, അവളുടെ മതത്തെ പ്രചരിപ്പിക്കുന്നതിനുള്ള പണവും അവസരവുമായിരുന്നു. ആകയാൽ, അവളെ യിസ്രായേലിന്റെ രാജ്ഞിയായി സ്വീകരിക്കുവാൻ ആഹാബും, അവന്റെ പിതാവ് ഒമ്രിയും, എടുത്തത് ഏറ്റവും മോശമായ തീരുമാനമായിരുന്നു. ആഹാബ് ഈസെബേലുമായി ചേർന്നത്, യൊരേബയുടെ പൊന്നുകൊണ്ടുള്ള കാളക്കുട്ടികളെ ഉണ്ടാക്കിയ പാപത്തിനപ്പുറമായിരുന്നു എന്ന് 16:31-ൽ വിവരിക്കുന്നു:

> നെബാത്തിന്റെ മകനായ യൊരേബെയാമിന്റെ പാപങ്ങളിൽ നടക്കുന്നതു പോരാ എന്നു തോന്നുമാറ് അവൻ സീദോന്യരാജാവായ[5] എത്ത് - ബാലിന്റെ മകളായ ഈസെബേലിനെ ഭാര്യയായി പരിഗ്രഹിക്കയും ബാലിനെ

ചെന്നു സേവിച്ചു നമസ്ക്കരിക്കയും ചെയ്തു.

അവൻ ചെയ്ത "ചെറിയ കാര്യം" യൊരെബയാമിന്റെ ദുഷ്ടത പിന്തുടർന്നതാണെന്ന് വേദഭാഗം പറയുന്നു. അവൻ ഈസെബേലിനെ വിവാഹം ചെയ്തത് ഏറ്റവും മോശമായി തീർന്നു. ആഹാബിൽ ശക്തമായി പ്രവർത്തിച്ച അശുദ്ധാത്മാവായിരുന്നു അവളുടെ വ്യക്തിത്വം. നാം വായിക്കുന്നു, "എന്നാൽ യഹോവക്ക് അനിഷ്ടമായുള്ളതു ചെയ്‌വാൻ തന്നെത്താൻ വിറ്റുകളഞ്ഞ ആഹാബിനെ പോലെ ആരും ഉണ്ടായിട്ടില്ല. അവന്റെ ഭാര്യ ഈസെബേൽ അവനെ അതിനായി ഉൽസാഹിപ്പിച്ചിരുന്നു" (21:25).

ആഹാബ് ഒരു സ്ത്രീയെ ആയിരുന്നില്ല വിവാഹം കഴിച്ചത്, ഒരു മതത്തെ ആയിരുന്നു – അധർമ്മമുള്ളതും തരംതാഴ്ത്തുന്നതുമായ മതം. ഈസെബേലിനെ പ്രസാദിപ്പിക്കുവാൻ, ആഹാബിന് ബാലിന്റെ ഒരു ആരാധനാ കേന്ദ്രം ശമര്യയിൽ സ്ഥാപിക്കേണ്ടി വന്നു, അതിൽ ബാലിന്റെ ഒരു യാഗപീഠവും, ക്ഷേത്രവും, ബാൽ ദേവന്റെ ഭാഗമായിരുന്ന അശേരാ ദേവിയുടെ പ്രതിഷ്ഠയും ഉൾപ്പെട്ടിരുന്നു (16:32, 33). അവൾ ശക്തമായ ഒരു മനസിന്റെ ഉടമയായിരുന്നതിനാൽ, ഈസെബേൽ തന്റെ ഉദ്ദേശം നിറവേറ്റുവാൻ ഭർത്താവിന്റെ ബലഹിന-മനസിനെ ഉപയോഗിച്ചു. അവൾക്ക് താൻ ചെയ്യുന്ന കാര്യത്തിൽ ഒന്നും അവൾക്ക് തടസമായിരുന്നില്ല.

അവളുടെ അഗാധമായ സമർപ്പണത്തിൽനിന്നു പുതിയനിയമ ക്രിസ്ത്യാനികൾക്ക് പഠിക്കുവാൻ കഴിഞ്ഞു. സത്യസഭയുടെ ഏറ്റവും പ്രധാനപ്പെട്ടതും ഒന്നാമത്തേതുമായ ആവശ്യം, ക്രിസ്തുവിന്റെ കർത്തൃത്വത്തിലുള്ള അഗാധമായ സമർപ്പണത്തോടുകൂടി സുവിശേഷം ലോകം മുഴുവൻ എത്തിക്കുക എന്നതാണ്. യേശു ആവശ്യപ്പെടുന്ന ശിഷ്യത്വം വളരെ ഉയർന്നതാണ്:

> "എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും,സഹോദരികളെയും, സ്വന്തജീവനെയും കൂടെ പകെക്കാതിരിക്കുകയും ചെയ്യുന്നവന്നു എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല" (ലൂക്കൊസ് 14:26).

ഈസെബേൽ ബാലിനു കീഴ്പ്പെട്ടു മലിനയായതുകൊണ്ട്, അവൾക്ക് നല്ല ഒരു ഭാര്യയോ, അമ്മയോ, സ്നേഹിതയോ ആകുവാൻ കഴിഞ്ഞില്ല. ബാലിന്നു പുറപ്പെടുവിക്കുവാൻ കഴിഞ്ഞ ഏറ്റവും മോശമായ ഒരു വ്യക്തിയായി ഈസെബേൽ മാറി. ബാലിനെ നമസ്ക്കരിക്കുവാൻ സമർപ്പിക്കപ്പെട്ട ഏതൊരാളും ഒരു പിശാചായി മാറും, അല്ലാതെ ഉത്തമ വ്യക്തിയാവുകയില്ല. ഈസെബേൽ അവളുടെ ആരാധനാ വസ്തുവെ പോലെ ആയി.

ക്രിസ്ത്യാനികളായി തീരുന്നവരെ ക്രിസ്ത്യാനിത്വം മലിനപ്പെടുത്തുകയില്ല. അതിന്റെ മൊത്തത്തിലുള്ള സ്വഭാവവും ഫലപ്രാപ്തിയും നിമിത്തം മനുഷ്യരുടെ വ്യക്തിത്വത്തെ, നല്ല ഭർത്താക്കന്മാരും, ഭാര്യമാരും, അപ്പന്മാരും, അമ്മമാരും, സ്നേഹിതന്മാരും ആക്കും. നാം നമ്മുടെ പ്രിയപ്പെട്ടവരെ പിന്നീട് കുറച്ചല്ല, അധികമായി സ്നേഹിക്കും. അവരെ ശരിയായി സ്നേഹിക്കുവാൻ നാം ശീലിക്കും. ഏറ്റവും ഉയർന്ന രീതിയിൽ നാം ദൈവത്തെ സ്നേഹിക്കുമ്പോൾ, നാം പരസ്പരവും ലോകത്തെയും ശരിയായി സ്നേഹിക്കും.

## നശിപ്പിക്കുന്ന തെറ്റ്

ഒരു പിശാചിന്റെ ദാസൻ എന്നാൽ തെറ്റിന്റെ കാര്യസ്ഥനാണെന്നു കൂടെ ഈസെബേൽ തെളിയിക്കുന്നു – ഇല്ലാതാക്കുന്ന, നശിപ്പിക്കുന്ന തെറ്റ്. പ്രായപൂർത്തിയും ഉത്തരവാദിത്വവുമുള്ള എല്ലാവരെയും ഉപദേശിക്കുവാൻ ദൈവം കൽപിച്ചിരിക്കുന്നു (എഫെസ്യർ 6:1–4; സദൃശവാക്യങ്ങൾ 22:6), എന്നാൽ അവന്റെ സത്യം മാത്രം പഠിപ്പിക്കണമെന്ന മുന്നറിയിപ്പ് അവൻ നമുക്ക് നൽകിയിരിക്കുന്നു (യോഹന്നാൻ 8:32). അതുകൊണ്ട്, ഉപദേശിക്കുക എന്നത് വളരെ ഗൗരവമുള്ള ഒരു ചുമതലയാണ്, അതിനെ നിസാരമായി കാണരുത് (യാക്കൊബ് 3:1, 2). ഈസെബേൽ പഠിപ്പിക്കുന്നത് തിരഞ്ഞെടുത്തു, പക്ഷെ ദൈവം കൽപിച്ചതിനെതിരായ മതത്തെയാണ് അവൾ തിരഞ്ഞെടുത്തത്.

ഈ പിശാചിന്റെ പ്രചാരകയിൽ, ഹൃദയ-ഭേദകമായ ഭാവമാണ് നാം കാണുന്നത്: ഈസെബേൽ, ഒരു ബഹുവിധ-പ്രതിഭ, തന്റെ ജീവിതം തെറ്റ് ഉപദേശിക്കുവാനായി ഉഴിഞ്ഞു വെച്ചു! അവൾ തന്റെ ഊർജ്ജമെല്ലാം, ദൈവത്തിന്റെ പരിശുദ്ധ സത്യത്തെ അറിയിക്കുവാൻ ചെലവിട്ടിരുന്നെങ്കിൽ, അവളെ ദൈവത്തിന്റെ പ്രസിദ്ധിക്ക് – വേണ്ടി നിലകൊണ്ട നായിക എന്നു പറയുമായിരുന്നു. അവൾ തന്നെ ഭോഷ്ക്കിന് ഏൽപിച്ചുകൊടുത്തിരിക്കയാൽ, അവളോട് നമുക്ക് സഹതാപം തോന്നി, അവളെ വെറുക്കുകയും, അവഗണിക്കുകയും, നമ്മുടെ മക്കൾക്ക് അവളുടെ പേർ ഇടാതിരിക്കുകയും ചെയ്യും. അവൾ തന്റെ ജീവിതം വലിച്ചെറിയുക മാത്രമല്ല, അവൾ അത് വലിച്ചെറിഞ്ഞത് തെറ്റായ ഒരു മതത്തിനു വേണ്ടിയായിരുന്നു.

ബി. സി. പതിനാലാം നൂറ്റാണ്ടിലെ എഴുത്തുകളിൽ നിന്നു ബാലിനെ[6] ആരാധിക്കുന്നതിനെ കുറിച്ച് നാം കൂടുതൽ പഠിക്കുകയുണ്ടായി. വർഷത്തിന്റെ വരണ്ടതും നനഞ്ഞതുമായ കാലാവസ്ഥയുടെ അടിസ്ഥാനത്തിലായിരുന്നു പ്രത്യേകിച്ച് പാലസ്തീന്റെ ഭാഗത്ത് ബാലിനെ സേവിച്ചിരുന്നതെന്നു തോന്നുന്നു. ബാലിന്റെ ഇതിഹാസമനുസരിച്ച്, ബാലും അനതും സഹോദരനും സഹോദരിയും കമിതാക്കളുമായിരുന്നു. ബാലിനെ അവന്റെ ശത്രുവായിരുന്ന മരണ ദേവനായിരുന്ന മോത്ത് കൊന്നു തിന്നു. വിളവുൽപാദിപ്പിച്ചിരുന്ന ബാൽ കൊല്ലപ്പെട്ടതുകൊണ്ട്, ഭൂമിയിൽ വരൾച്ച നേരിട്ടതിനാൽ, സസ്യവർഗമെല്ലാം ഉണങ്ങിപ്പോയി. പഴയനിയമം അശേരാ എന്നു വിളിക്കുന്ന അനത്, ബാലിനെ തിരഞ്ഞു നടന്നു (16:33). മോത് ചെയ്തതു മനസിലാക്കിയ അവൾ, മോതിനെ പിടിച്ചു കൊന്നു കഷണങ്ങളാക്കി. മാംസങ്ങളെല്ലാം വയലിൽ എറിഞ്ഞ് പക്ഷികൾക്ക് തിന്നുവാൻ കൊടുത്തു. മോതിന്റെ അവശിഷ്ടങ്ങൾ വയലിൽ വിതറിക്കഴിഞ്ഞപ്പോൾ, ബാലിന്നു ജീവൻ ലഭിക്കുകയും, കമിതാക്കൾ വീണ്ടും യോജിക്കുകയും ഭൂമിയിൽ മഴ പെയ്യിക്കുകയും വിളവുൽപാദിപ്പിക്കയും ചെയ്തു. അതുകൊണ്ട് ബാലിസത്തിൽ, എല്ലാ തരത്തിലുമുള്ള ലൈംഗിക വൈകൃതങ്ങളും, കുട്ടികളെ ബലിയർപ്പിക്കുന്നതും ഉൾപ്പെടുന്നതാണ്. അധപ്പതിച്ചതും, ഇതിഹാസവും, അധാർമ്മികവുമായ മതമായിരുന്നു അത് – അഴുക്കുള്ളതും, ദുഷ്ടത നിറഞ്ഞതുമായ മതമായിരുന്നു.

യഹോവാരാധനക്ക് പകരം ഈ മതത്തെ കൊണ്ടുവരുവാൻ ശ്രമിച്ച ഈസെബേലിന്റെ ഉദ്ദേശം തികച്ചും അർത്ഥശൂന്യമായിരുന്നു. സകല ദേശത്തിന്റേയും യിസ്രായേൽ ദേശത്തിന്റേയും ദൈവമായ യഹോവയെ, അവൾ സ്പഷ്ടമായും വെറുത്തിരുന്നു. വാസ്തവത്തിൽ, അവളുടെ ശക്തി ഉപയോഗിച്ച് അവനെ ആരാധിക്കുന്നത് തടയുവാൻ എല്ലാ ശ്രമങ്ങളും നടത്തി. അവൾ

ദുഷ്ടതയിൽ കുളിച്ചിട്ടാണ് ഓരോ ദിവസവും ലോകത്തിലേക്ക് ഇറങ്ങുന്നത്.

ഒരു മനുഷ്യന് അറിയാവുന്നതനുസരിച്ച്, ദൈവത്തിന്റെ ശരിയായ മതത്തെ പ്രഖ്യാപിക്കുന്നത് ഏറ്റവും ബുദ്ധിപരവും, ഫലപ്രദവുമാണ്, എന്നാൽ തെറ്റായ വിശ്വാസത്തെ പ്രചരിപ്പിക്കുന്നത്, മറ്റുള്ളവരെ നശിപ്പിക്കുവാൻ ഒരാളുടെ സമയവും ഊർജവും ഉപയോഗിക്കുന്ന ഏറ്റവും ഹീനമായ കാര്യമാണ്. മനുഷ്യൻ നിർമ്മലമായി അനുഗ്രഹിക്കപ്പെടുവാൻ ഏറ്റവും ആവശ്യമായതാണ് വാസ്തവത്തിലുള്ള മതം; തെറ്റായ മതം മനുഷ്യനെ ബാധിക്കുന്ന ബാധയും ഏറ്റവും വലിയ ശാപവുമാണ്. ദൈവമതം രക്ഷിക്കുകയും സൗഖ്യമാക്കുകയും ചെയ്യും; വിശ്വാസത്യാഗമതം കുറ്റപ്പെടുത്തുന്നതും നശിപ്പിക്കുന്നതുമാകുന്നു.

ആരാധിക്കുവാനുള്ള മനുഷ്യന്റെ ആഗ്രഹത്തെ ഇല്ലാതാക്കുവാൻ പിശാചിനു കഴിയുകയില്ല; എന്നാൽ അവന് ഒരു പരിധി വരെ, തെറ്റായ, ഭോഗേഛയാൽ മനുഷ്യരുടെ ആഗ്രഹത്തെ ആഹ്ലാദിപ്പിച്ച് ജീവിതത്തെയും ആരാധനയെയും തൃപ്തിപ്പെടുത്തുവാൻ കഴിയും. മനുഷ്യനിൽ ദൈവത്തിനായുള്ള ജന്മനാ ഉള്ള വാസനയെ, പിശാച് ഈസെബേലിൽകൂടെ വിഗ്രഹത്തിലേക്ക് തിരിച്ചു വിടുകയായിരുന്നു. ദൈവത്തിന്റെ മതത്തിനുപകരം പിശാചിന്റെ മതം കൊടുത്ത് മനുഷ്യവർഗത്തെ തരംതാഴ്ത്തുവാനും, ഹീനമാക്കുവാനും, മലിനമാക്കുവാനുമായിരുന്നു അവളുടെ പരിശ്രമം.

## അധർമ്മ ശക്തി

ഈസെബേൽ പിശാചിന്റെ സ്ഥാനാപതിയായി, അധർമ്മ ശക്തിയുപയോഗിച്ച് യിസ്രായേലിൽ അവളുടെ മതത്തിന് ഒരു സ്ഥലം ഒരുക്കി. ഇരുമ്പുമുഷ്ടിയും രാജകിയ അധികാരവും ഉപയോഗിച്ച് ഉപദ്രവിച്ചും ആയിരുന്നു അവൾ തന്റെ ഉപദേശം പ്രചരിപ്പിച്ചത്.

ധാരാളം ബാഗുകളുമായിട്ടാണ് അവൾ യിസ്രായേലിലെത്തിയത്. അവൾ കൊണ്ടുവന്നതിൽ ബാലിന്റെ 400 പുരോഹിതന്മാരും 450 പ്രവാചകന്മാരും ഉണ്ടായിരുന്നു. അവർക്ക് രാജധാനിയിൽ രാജകിയ-ഭോജനവും നൽകിയിരുന്നു. യിസ്രായേലിലുടനീളം സഞ്ചരിച്ച് ബാലിസം ആയുധസ്വാധീനത്താൽ പ്രചരിപ്പിക്കുക എന്നതായിരുന്നു അവരുടെ ദൗത്യം. ബലാൽക്കാരമായുള്ള അവരുടെ ഉപദേശത്തിന്റെ മാറ്റൊലി ദേശത്തിലെല്ലാം പ്രകടമായി.

രാജാവിന്റെ പത്നി എന്ന അധികാരത്തിലായിരുന്നു - അവളത് ചെയ്തത്, അല്ലാതെ രാജ്യത്തിന്റെ ഭരണാധികാരിയായിരുന്നില്ല അത് ചെയ്തത് - ഈസെബേൽ അപ്പോഴും അവളുടെ ഭൃത്യന്മാരുടെ സ്വാധീനം ഉപയോഗിച്ച് യഹോവയുടെ പ്രവാചകന്മാരുടെ കൈകൾ താഴ്ത്തിക്കളഞ്ഞു (18:4-13).[7] അവൾ ദൈവത്തിന്റെ സ്ഥാനത്ത് തന്നെ നിർത്തുകയും ആർ ജീവിക്കണമെന്നും മരിക്കണമെന്നും അവൾ തീരുമാനിക്കുകയും ചെയ്തു. "യഹോവയുടെ പ്രവാചകനായി കാണുന്ന ഏതൊരു പ്രവാചകനെയും ഞാൻ കൊല്ലും" എന്നതായിരുന്നു അവളുടെ തീരുമാനം എന്നു തോന്നുന്നു. അവളടെ ഭീകരവാഴ്ച്ചയെ ഭയന്നു ഏതാനും പ്രവാചകന്മാർ ഓടിപ്പോയി, അനേകം പ്രവാചകന്മാർ അവളുടെ ഗൂഢനീക്കത്താൽ കൊല്ലപ്പെട്ടു.

ആഹാബിന്റെ ഭൃത്യന്മാരിൽ ഒരാളായ ഓബദ്യാവ്, കഷ്ടിച്ച് രക്ഷപ്പെടുകയും ഒരു ഗുഹയിൽ യഹോവയുടെ നൂറു പ്രവാചകന്മാരെ ഒളിപ്പിച്ച് ഭക്ഷണം എത്തിച്ചുകൊടുക്കുകയും ചെയ്തു. അങ്ങനെ അവൻ അവളുടെ കാർക്കശ്യമായ ആക്രമണത്തിൽനിന്നു അവരെ സംരക്ഷിച്ചു.

> ... ഈസെബേൽ യഹോവയുടെ പ്രവാചകന്മാരെ കൊല്ലുമ്പോൾ, ഓബദ്യാവ് യഹോവയുടെ നൂറു പ്രവാചകന്മാരെ കൂട്ടിക്കൊണ്ടു ചെന്നു ഓരോ ഗുഹയിൽ അമ്പതീതു പേരായി ഒളിപ്പിച്ചു അപ്പവും വെള്ളവും കൊടുത്തു രക്ഷിച്ചു (18:4; 18:13).

കർമ്മേൽ പർവ്വതത്തിൽ വെച്ചുണ്ടായ വലിയ ഒരു മൽസരത്തിനുശേഷം ഏലിയാവിനേയും കൊല്ലുവാൻ അവൾ പദ്ധതിയിട്ടിരുന്നു, എന്നാൽ അവൾ അതിൽ പരാജയപ്പെട്ടു:

> ഏലിയാവ് ചെയ്തതൊക്കെയും അവൻ സകല പ്രവാചകന്മാരെയും വാൾകൊണ്ട് കൊന്ന വിവരം ഒക്കെയും ആഹാബ് ഈസെബേലിനോട് പറഞ്ഞു. ഈസെബേൽ ഏലിയാവിന്റെ അടുക്കൽ ഒരു ദൂതനെ അയച്ചു, നാളെ ഈ നേരത്ത് "നിന്റെ ജീവനെ അവരിൽ ഒരുത്തന്റെ ജീവനെ പോലെ ആക്കുന്നില്ല എങ്കിൽ ദേവന്മാർ എന്നോടു തക്കവണ്ണവും അധികവും ചെയ്യുമാറാകട്ടെ എന്നു പറയിച്ചു" (19:1, 2).

നമുക്ക് ഇവിടെ ഒരു പാഠം പഠിക്കാം. പിശാച് ശക്തിയുപയോഗിക്കും, പക്ഷെ ക്രിസ്ത്യാനികൾ അതുപയോഗിക്കുകയില്ല. ദൈവജനം ആശ്വാസത്തിനായി കൃത്രിമപ്പണിയോ സമ്മർദ്ദമോ ചെയ്യുകയില്ല - ആർക്കും ഒരു ഉപദ്രവവും ചെയ്യുകയില്ല. "കണ്ടുപിടിച്ച് പഠിപ്പിക്കുക" എന്നതാണ് ക്രിസ്ത്യാനിത്വം, അല്ലാതെ പുറമെ അടിച്ചേൽപ്പിച്ച് ഭീഷണിപ്പെടുത്തുന്ന ഒരു മതമല്ല. ഒരു പാപി അതു താൽപര്യത്തോടെയും ആത്മാർത്ഥതയോടെയും തിരഞ്ഞെടുക്കുന്നില്ലെങ്കിൽ അതു ലഭ്യമാകുകയില്ല. *സ്വന്ത ഹൃദയത്തിൽ* വിശ്വസിച്ചുകൊണ്ടും (റോമർ 10:10) *ഹൃദയപൂർവ്വം* സ്വയമായി സുവിശേഷം അനുസരിച്ചുകൊണ്ടും മാത്രമെ ഒരാൾക്ക് ക്രിസ്തുവിങ്കലേക്ക് വരുവാൻ കഴിയു (റോമർ 6:17). ദൈവത്തോടുള്ള പ്രതികരണത്തിന് ആർ ആരെ നിർബ്ബന്ധിച്ചാലും അതു ഹൃദയ-പൂർവ്വം ആകയില്ല.

ടൗണിലെ ഒരു മുഖ്യവീഥിയിലെ കടയിലേക്ക് സ്കൗട്ടിലുള്ള രണ്ട് ആൺകുട്ടികൾ കയറിച്ചെന്നു. കരടിയോട് മല്ലിട്ടതുപോലെ അവർ വിയർത്തൊലിക്കുകയും മുഖം വിളറിയിരിക്കുകയും ചെയ്തിരുന്നു. കടക്കാരൻ അവരോട് ചോദിച്ചു, "നിങ്ങൾ എന്തു ചെയ്തുകൊണ്ടിരിക്കുകയായിരുന്നു?" അതിനു അവരിലൊരാൾ മറുപടി പറഞ്ഞു, "ഞങ്ങൾക്ക് ഇന്നു നല്ല ഒരു പ്രവർത്തി ചെയ്യുവാൻ കഴിഞ്ഞു. ഒരു വൃദ്ധയായ സ്ത്രിയെ റോഡ് മുറിച്ച് കടക്കുവാൻ സഹായിച്ചു." കടക്കാരൻ പുഞ്ചിരിച്ചുകൊണ്ട് ചോദിച്ചു, "നേരോ?" "നിങ്ങൾ എത്ര നല്ലവരാണ്. തീർച്ചയായും അതു നല്ല പ്രവൃത്തിയാണ്, പക്ഷെ അതു വിഷമമുള്ള കാര്യമല്ലല്ലോ. നിങ്ങൾ ചൂടായി വിയർത്തതെന്തിനാംണ്?" അവരിൽ ഒരാൾ ആടിന്റെ സ്വഭാവത്തോടെ പറഞ്ഞു, "അവർ കടന്നുപോകുവാൻ ആഗ്രഹിച്ചിരുന്നില്ല."

ബാലിനെ സേവിക്കുവാൻ ഈസെബേൽ ചെയ്തതിനെ അതുപോലെ ചിത്രീകരിക്കാം - ശക്തി ചെലുത്തി. ആളകൾ ബാലിനെ നമസ്ക്കരിക്കുവാൻ ഇഷ്ടപ്പെട്ടില്ലെങ്കിലും നിർബ്ബന്ധിച്ച് അവൾ അവരെ ആരാധിപ്പിക്കുകയും ദൈവത്തിന്റെ പ്രവാചകന്മാരെ കൊല്ലുകയും ചെയ്തു. ദൈവത്തിനും സാത്താനും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസമാണ് അവളുടെ തന്ത്രം

വെളിപ്പെടുത്തുന്നത്. മനുഷ്യ ഹൃദയത്തിൽനിന്നു വിശ്വാസവും സ്നേഹവും ഉണ്ടാകുന്ന വിധത്തിൽ ദൈവം നമ്മുടെ ഹൃദയത്തെ അനുവദിച്ചിരിക്കുന്നു. സാത്താൻ അങ്ങനെ ചെയ്യുകയില്ല. അവന്റെ സേവനത്തിന്, ദൈവം ന മ്മെ അനുനയിപ്പിക്കും; സാത്താൻ, ആവശ്യമെങ്കിൽ, *നിർബ്ബന്ധിച്ച്* അവനെ സേവിപ്പിക്കും.

### ക്രൂരമായ സ്വാർത്ഥത

വരികൾക്കിടയിലൂടെ വായിച്ചാൽ, ഈസെബേൽ സ്വാർത്ഥത നിറഞ്ഞ വ്യക്തിയായിരുന്നു എന്നു കാണാം. ലോകം അവളുടെ കാൽക്കീഴിലാണ് എന്ന രീതിയിലാണ് അവൾ ജീവിച്ചത്.

വാസ്തവത്തിൽ ആ മനോഭാവം ഈസെബേലിൽ കാണുമ്പോൾ, ആശ്ചര്യപ്പെടുവാനില്ല. അപ്പോൾ നാം അങ്ങനെ ആയില്ലെങ്കിലേ അതിശയി ക്കാനുള്ളു, കാരണം, ഒരാൾക്ക് സ്വയ-കേന്ദ്രീകൃതമാകാതെ, പൂർണ്ണമായും സാത്താന്റെ വഴിയിലേക്ക് പോകുവാൻ സാധ്യമല്ല. പാപത്തിന്റെ കുരിശാണ് സ്വാർത്ഥത. ദൈവത്തിന്റെ ഇഷ്ടത്തിനുപകരം സ്വന്ത - ഇഷ്ടം സ്വീകരിക്കു കയാണ് പാപി ചെയ്യുന്നത്.

അവളുടെ ജീവിതരീതിയും, ആരാധനയും, തിന്മയോടുള്ള സമർപ്പണ വും അനുസരിച്ച്, നാബോത്തിനേയും അവന്റെ മക്കളേയും ഇല്ലാതാക്കി നാ ബോത്തിന്റെ തോട്ടം ഭർത്താവിന് സ്വന്തമാക്കി കൊടുക്കുന്നത് സ്വാഭാവി കമായിരുന്നു (21:15). ഒരു കുടുംബം എന്നത് അവൾക്ക് ഒന്നുമല്ലായിരുന്നു. അവൾക്ക് ആളുകൾ "വലിച്ചെറിയുവാനുള്ളത്" ആയിരുന്നു. ഒരു മൂട്ടയെ ഞെരിച്ചുകളയുന്നതുപോലെയായിരുന്നു അവളുടെ വഴിയിൽ തടസമായി നിൽക്കുന്ന ആരും. ആളുകളുടെ വിലയും, സത്യവും, നന്മയും അവളുടെ സ്വാർത്ഥതയാൽ അവൾക്ക് ഒന്നുമല്ലായിരുന്നു, "എനിക്ക്:" എന്നതായിരുന്നു അവളിൽനിറഞ്ഞുനിന്ന വാക്ക്.

വീണ്ടും, ക്രിസ്ത്യാനിത്വവും പിശാചിന്റെ മതവും തമ്മിലുള്ള അന്തരം സ്വാർത്ഥതക്ക് എതിരായ സ്വാർത്ഥയിൽ നമുക്ക് കാണാം. ക്രിസ്തു മറ്റുള്ള വരെ സ്നേഹിച്ച് അവർക്കുവേണ്ടി മരിച്ചു; ക്രിസ്ത്യാനികൾ ജീവിക്കേണ്ടത് മറ്റുള്ളവരെ സ്നേഹിക്കേണ്ടതിനായിരിക്കണം. അഭക്തരായ ആളുകൾ മറ്റു ള്ളവരെ ചൂഷണം ചെയ്യുകയും, അവരിൽനിന്നു പലതും ആവശ്യപ്പെടുകയും ചെയ്യും; അവർ ഭീഷണിപ്പെടുത്തുകയും, ആധിപത്യം നടത്തുകയും, കീഴ്പ്പെടു ത്തുകയും ചെയ്യും. ക്രിസ്തു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചത് ആളുകളെ സേവി ക്കുവാനാണ്; പക്ഷെ പിശാച് തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുന്നത്, അവരുടെ വഴിയിൽ മനുഷ്യരെക്കൊണ്ട് അവരെ എങ്ങനെ ശുശ്രൂഷിപ്പിക്കാമെന്നാണ്.

ഈസെബേൽ, അവൾക്ക് വേണ്ടി തന്നെയായിരുന്നു ജീവിച്ചത്; പിശാച് തന്റെ പ്രവർത്തകരിൽ കാണുവാനാഗ്രഹിച്ചതാണ് അവൾ പ്രദർശിപ്പിച്ചത്. പാ പത്തിന്റേയും സ്വാർത്ഥതയുടേയും മൂർത്തീഭാവമായിരുന്നു അവൾ. അവ ളുടെ മതത്തിന്റെ വലിയ ഒരു പ്രത്യേകത, അതു "ഞാൻ" എന്നതിന് ഊന്നൽ കൊടുത്താണ് ആരംഭിക്കുന്നത് തന്നെ.

### സ്ഥിരമായ അനുസരണക്കേട്

തന്റെ ജീവിതാവസാനം വരെ ദുഷ്ടത തുടർച്ചയായി ചെയ്യുക എന്നതാ യിരുന്നു ഈസെബേലിന്റെ സ്വഭാവം. അവൾ ഒരിക്കലും ദൈവത്തിലേക്ക്

തിരിഞ്ഞു, മാനസാന്തരപ്പെട്ടില്ല, സത്യത്തിലേക്കും തിരിഞ്ഞില്ല. പാപത്തിന്റെ വഞ്ചനയും, ഭോഷ്ക്ക് വിശ്വസിക്കയും ചെയ്തതിനാൽ അവളുടെ ഹൃദയം കഠിനപ്പെട്ടിരുന്നു. സത്യദൈവത്തെ അറിയുവാനുള്ള അവസരം അവൾക്ക് ലഭിച്ചിരുന്നു, പക്ഷെ അവൾ അതിനെ ചവർ പോലെ വലിച്ചെറിഞ്ഞുകളഞ്ഞു. ദൈവത്തിന്റെ പ്രവാചകന്മാർ പ്രസംഗിക്കുന്നത് ചിലപ്പോൾ അവൾ കേട്ടിരുന്നു, പക്ഷെ അതു ശ്രദ്ധിക്കുവാൻ അവൾ കൂട്ടാക്കിയില്ല. സത്യം അവളുടെ ഹൃദയത്തിൽ പ്രവേശിക്കാതിരിക്കേണ്ടതിന് അവൾ തന്റെ കണ്ണുകളും കാതുകളും അടച്ചുകളഞ്ഞു.

മുഴുവൻ യിസ്രായേൽമക്കളൊടൊപ്പം, സത്യദൈവം ആരെന്നു തിരിച്ചറിയുവാൻ ഈസെബേലിനേയും ഒരിക്കൽ കർമ്മേൽ പർവ്വതത്തിലേക്ക് ക്ഷണിക്കുകയുണ്ടായി (1 രാജാക്കന്മാർ 18). പക്ഷെ അവൾ പോയില്ല. അവളുടെ മനസ് മുൻവിധിയിൽ ഉറപ്പിച്ചതിനാൽ, വസ്തുതകളാൽ തെറ്റിദ്ധരിപ്പിക്കുവാൻ അവൾ കൂട്ടാക്കിയില്ല.

ബെൻ-ഹദദും, മറ്റു മുപ്പത്തി-രണ്ട് രാജാക്കന്മാരും ചേർന്ന് ശമര്യയെ വളഞ്ഞ് അതിനു ചുറ്റും ഉപരോധം തീർത്തതായി നാം 1 രാജാക്കന്മാർ 20:1-4-ൽ വായിക്കുന്നു.ശമര്യയുടെ പരാജയം ഉറപ്പായപ്പോൾ, ആഹാബ്, തന്റെ ഭാര്യമാരെയും, മക്കളെയും, പൊന്ന്, വെള്ളി മുതലായവ ബെൻ-ഹദദ് എടുത്തുകൊണ്ടുപോകുവാൻ സമ്മതിച്ചു. ആഹാബിന്റെ ആ തീരുമാനം ഈസെബേലിനെ എങ്ങനെ ബാധിച്ചിരിക്കും! എല്ലാ പ്രത്യാശയും ഇല്ലാതായി; അവൾക്ക് ആഹാബിന്റെ മറ്റു സ്വത്തുക്കളോടൊപ്പം യുദ്ധത്തിൽ-പിടിച്ചെടുത്ത പ്രവാസികളായി ജീവിക്കേണ്ടി വന്നു. പിന്നീട് യഹോവ ഈസെബേലിനേയും ആഹാബിന്റെ മറ്റു ഭാര്യമാരേയും ബെൻ-ഹദദിന്റെ കയ്യിൽനിന്നു മോചിപ്പിച്ചപ്പോൾ അവൾ യാതൊരു അനുമോദനവും പ്രകടിപ്പിച്ചില്ല. അവളുടെ ദേവൻ ബാലിന് അവളെ രക്ഷിപ്പാൻ കഴിഞ്ഞില്ല. അന്യദേവനെ നമസ്ക്കരിച്ചിരുന്ന ഒരു രാജാവിന്റെ കയ്യിൽനിന്ന് അവളെ വിടുവിച്ചത് യഹോവയാണെന്ന് അവൾക്ക് മനസിലായി, എന്നാൽ അവളുടെ കഠിനഹൃദയത്തിന് അതു അംഗീകരിക്കുവാൻ കഴിയുകയില്ല.

ഈസെബേലിന്റെ കുലപാതകങ്ങൾക്കും ദൈവത്തിന്റെ ധാർമ്മികവും മതപരവുമായ ലംഘനങ്ങൾക്ക്, ഭയാനകമായ മരണശിക്ഷയായിരുന്നു അവൾക്ക് വിധിച്ചത്. യിസ്രേയേലിന്റെ മതിലിങ്കൽ വെച്ച് അവളുടെ മാംസം നായ്ക്കൾ തിന്നുമെന്ന് പ്രഖ്യാപിച്ചിരുന്നു. പിന്നീട്, ഒരു യുവപ്രവാചകൻ അടുത്ത രാജാവായി യേഹുവിനെ അഭിഷേകം ചെയ്തു ദൈവത്തിന്റെ ചുമതല നിറവേറ്റി:

> “എന്റെ ദാസന്മാരായ പ്രവാചകന്മാരുടെ രക്തത്തിനും യഹോവയുടെ സകലദാസന്മാരുടേയും രക്തത്തിനും ഈസെബേലിനോട് ഞാൻ പ്രതികാരം ചെയ്യേണ്ടതിന്നു നിന്റെ യജമാനനായ ആഹാബിന്റെ ഗൃഹത്തെ നീ സംഹരിച്ചു കളയേണം. ആഹാബ്ഗൃഹം അശേഷം മുടിഞ്ഞു പോകേണം ... ഈസെബേലിനെ യിസ്രേയേൽ പ്രദേശത്തു വെച്ച് നായ്ക്കൾ തിന്നുകളയും; അവളെ അടക്കം ചെയ്വാൻ ആരും ഉണ്ടാകയില്ല ...”
> (2 രാജാക്കന്മാർ 9:7-10).

ആ പ്രവചനം വിശദമായി നിറവേറി. ആഹാബ് മരിച്ച് പതിനൊന്നു വർഷം കഴിഞ്ഞ്, യേഹു ആ രാജകുടുംബത്തിന് ദയവില്ലാത്ത മരണശിക്ഷ നടപ്പാക്കി.

ദൈവത്തിന്റെ ന്യായവിധി ഒരു സ്റ്റേഷനിലേക്ക് ഉരുണ്ട് വരുന്ന ട്രെയിലർ പോലെ എത്തി. ഈസെബേൽ അവളുടെ തലമുടി ചീകി, മുഖം മിനുക്കി ജനലിൽകൂടെ പുറത്തേക്ക് നോക്കി (2 രാജാക്കന്മാർ 9:30–32). യേഹു വരുന്നത് കണ്ട്, "യജമാനന്റെ ഘാതകനായ സിമ്രിക്ക്, സമാധാനമോ?"[8] എന്നു ചോദിച്ചു. യേഹു കിളിവാതിൽക്കലേക്ക് നോക്കി ചോദിച്ചു, "എന്റെ പക്ഷത്ത് ആരുള്ളു? ആരുള്ളു?" എന്നു ചോദിച്ചു (വാ. 31). രണ്ടു മൂന്നു ഷണ്ഡന്മാർ പുറത്തേക്ക് നോക്കി. "അവളെ താഴെ തള്ളിയിടുവിൻ" എന്ന് അവൻ കൽപിച്ചു (വാ. 32). അവർ മടിക്കാതെ അത് അനുസരിച്ചു. ഈസെബേൽ അവന്റെ രഥത്തിന്റെയരികിൽ വീണു. അവൻ മനപ്പൂർവ്വം അവളുടെ ദേഹത്തുകൂടെ രഥം കയറ്റി പോയി. അപ്പോൾ അവളുടെ രക്തം രഥത്തിന്മേലും കുതിരകളിന്മേലും തെറിച്ചു. ഒരു മണിക്കൂർ കഴിഞ്ഞ്, മരിച്ചത് രാജാവിന്റെ മകളാണല്ലോ എന്നോർത്ത്, അവളെ അടക്കുവാനായി നിർദ്ദേശം കൊടുത്തു; എന്നാൽ പടയാളികൾ ചെന്നപ്പോഴേക്കും, അവളുടെ തലമണ്ടയും, കൈപ്പത്തിയുടേയും കാലുകളുടേയും അസ്ഥികൂടം ഒഴിച്ചു മാംസമെല്ലാം നായ്ക്കൾ തിന്നുകളഞ്ഞതിനാൽ മറ്റൊന്നും അവശേഷിച്ചിട്ടില്ലാ എന്നു പടയാളികൾ കണ്ടു അതിനു ശേഷം ഇതാണ് നടന്നത്, നമുക്ക് വായിക്കാം,

> അവർ മടങ്ങിവന്ന് അവനോട് അത് അറിയിച്ചു. അപ്പോൾ അവൻ, യിസ്രെയേൽപ്രദേശത്ത് വെച്ച് നായ്ക്കൾ ഈസെബേലിന്റെ മാംസം തിന്നുകളയും. "അതു ഈസെബേൽ" എന്നു പറയുവാൻ കഴിയാത്ത വിധം "ഈസെബേലിന്റെ പിണം യിസ്രെയേൽപ്രദേശത്തു വെച്ച് വയലിലെ ചാണകം പോലെയാകും" എന്നിങ്ങനെ യഹോവ യിശ്ബ്യനായ ഏലിയാവ് എന്ന തന്റെ ദാസൻ മുഖാന്തരം അരുളിച്ചെയ്ത വചനം തന്നെ ഇത് എന്നു പറഞ്ഞു (2 രാജാക്കന്മാർ 9:36, 37; 1 രാജാക്കന്മാർ 21:23 നോക്കുക).

അവളോടുള്ള ദൈവത്തിന്റെ ന്യായവിധി മുഴുവനും നിറവേറി. ഭീകരമായി മരിക്കുന്നതുവരെ ഈസെബേൽ അവളുടെ ഹൃദയത്തെ കഠിനമായിത്തന്നെ നിലനിർത്തി. അവസാനം അവളുടെ ദുഷ്ടതക്ക് അന്തിമവില കൊടുക്കുന്നതുവരെ അവൾ പിശാചിനോട് വിശ്വസ്തത പുലർത്തി.

പിശാചിന്റെ ഒരു ബുദ്ധിശാലിയായ പ്രവർത്തകൻ അവസാനം വരെ അതിൽ വിശ്വസ്തനായിരിക്കും. അവന് താൽക്കാലികമായി മാത്രം ഹൃദയത്തെ കഠിനപ്പെടുത്തുവാൻ കഴിയുകയില്ല. തന്റെ ആയുഷ്ക്കാലമെല്ലാം അവൻ രോഗമുള്ള ഹൃദയത്തോടുകൂടിയവനായി തീരും. അവന്റെ ജീവിതത്തിൽ പൂർണ്ണമായ സമർപ്പണമുണ്ടായിരിക്കും. കുറെ കാലം ഒരാൾ പിശാചിനെ സേവിച്ചിട്ട് – ദൈവത്തിലേക്ക് തിരിഞ്ഞ് – അവനെ സേവിക്കുവാൻ തുടങ്ങിയാൽ, പിശാചിനെ പിൻപറ്റുന്നത് മൗഢ്യമാണെന്ന് അയാൾ മറ്റുള്ളവരെ കാണിക്കുകയായിരിക്കും. ശൗൽ എന്ന ഉപദ്രവകാരി, ഉപദ്രവിക്കപ്പെടുന്ന പൗലൊസായി മാറിയപ്പോൾ, പിശാചിന് വിലയേറിയ ഒരു ദാസൻ നഷ്ടമായി, പക്ഷെ ദൈവത്തിന് ഫലവത്തായ ഒരു പ്രചാരകനെ ലഭിച്ചു. പിശാചിനെ തുടർച്ചയായി അനുഗമിക്കുന്നവൻ, അവസാനം അവന്റെ ദുഷ്ടതക്ക് കൂലി ലഭിക്കുന്നതുവരെ അയാൾ പിശാചിന്റെ നല്ല പരസ്യമായിരിക്കും.

മരണം വരെ ദുഷ്ടതയിൽ നടക്കുന്നതായിരുന്നു ഈസെബേൽ സ്വീക

രിച്ച സേവനം. അവൾ ഒരിക്കലും സത്യത്തോട് അടുത്ത് വന്നില്ല. മരണം അവളെ സമീപിച്ചപ്പോൾ, മൽസരഹൃദയത്തോടുകൂടിയാണ് അവൾ ദൈവത്തെ നോക്കിയത്. നിത്യതയുടെ ശ്വാസത്തിനുപോലും അവളുടെ ഹൃദയത്തെ മൃദുലമാക്കുവാൻ കഴിഞ്ഞില്ല.

**ഉപസംഹാരം**

അന്യദേവന്മാരെ പ്രചരിപ്പിക്കുന്ന ഈസെബേലിന്റെ രീതി കണ്ടുകഴിഞ്ഞതിനാൽ, നമുക്ക് അവളുടെ ഫോട്ടോ താഴെവെച്ച്, നാം എന്തു പഠിച്ചു എന്നു നോക്കാം. ജീവിച്ചിരുന്ന ആ ചിത്രത്തെ നാം നോക്കുമ്പോൾ, മാംസ-രക്തങ്ങളുടെ ചിത്രങ്ങൾ അത്ര സുഖകരമല്ല എന്ന് എനിക്ക് അറിയാം. നാം തെറ്റുകളും, ആവശ്യമില്ലാത്ത ശക്തിചെലുത്തലും, നികൃഷ്ടഹൃദയത്തെയും കണ്ടു. സുവിശേഷീകരണത്തിൽ ചെയ്യുവാൻ *പാടില്ലാത്തതാണ്* അതു നമ്മെ ഓർപ്പിക്കുന്നത് നാം സത്യത്തോടാണ് എരിവ് കാണിക്കേണ്ടത്, അല്ലാതെ അസത്യത്തോടല്ല. നാം സത്യത്തെ സ്നേഹിച്ച്, സത്യത്തിനുവേണ്ടിയാണ് ജീവിക്കേണ്ടത്, അല്ലാതെ അന്യദേവന്മാർക്കു വേണ്ടിയല്ല. ക്രിസ്തുവിന്റെ നിസ്വാർത്ഥഭാവമാണ് നാം ധരിക്കേണ്ടത്, അല്ലാതെ ക്രിസ്തുവിലേക്ക് വരുവാൻ നാം ആരെയും ബലാൽക്കാരമോ ശക്തിയോ, സമ്മർദ്ദമോ ചെലുത്തരുത്. നാം അവരെ ഉപദേശിക്കണം, അതെ, അല്ലാതെ ക്രിസ്തുവിന്റെ ഇഷ്ടത്തിന് കീഴ്പ്പെടുവാൻ ആരെയും അടിക്കുകയോ, ശല്യം ചെയ്യുകയോ അരുത്. നമുക്ക് അവരോട് അപേക്ഷിക്കാം, അല്ലാതെ അവരെ ശല്യപ്പെടുത്തരുത്. തെറ്റു സംഭവിക്കുമ്പോൾ, ദൈവത്തോട് നല്ല മനസാക്ഷിയോടുകൂടി മാനസാന്തരപ്പെടുവാനുള്ള വെല്ലുവിളിയാണ് നമുക്ക് ലഭിക്കുന്നത്.

ദൈവത്തിന്റെ സത്യം പഠിക്കാതിരുന്ന, ദേശത്തിന് നീതിയാകാതിരുന്ന ഈസെബേലിനോട് നമുക്ക് സഹതാപമേയുള്ളു! അവൾ സിദോനിൽ വെച്ച് സ്വീകരിച്ച പ്രത്യാശയില്ലാത്ത അന്യദേവനെ സേവിച്ചിരുന്നവൾക്ക് എത്ര ദാരുണമായ അന്ത്യമായിരുന്നു ലഭിച്ചത്! നൂറ്റാണ്ടുകളായി എത്രയധികം പേർ സത്യത്തെ ത്യജിച്ച് വെളിച്ചത്തെ സ്നേഹിക്കുന്നതിനുപകരം ഇരുട്ടിനെ സ്നേഹിക്കുവാൻ ഈസെബേലിനോട് ചേർന്നിരിക്കും?

യഹോവാഭക്തിയെ ഞെരുക്കിയ ഈസെബേലിനെ അവളുടെ ദുഷ്ടത വിട്ട് യഹോവയിലേക്ക് തിരിച്ചുകൊണ്ടുവരാതിരുന്ന യിസ്രായേലിലേയും യെഹൂദ്യയിലേയും രാജാക്കന്മാർ ലജ്ജിക്കണം! യിസ്രായേലിന്റെ ശക്തമായ ഭാവിയെ ബാധിച്ചതായ അന്യദേവനിലേക്കും വിഗ്രഹാരാധനയിലേക്കും അധപ്പതിച്ചതും അവളെ അതിനു അവർ തടയാതിരുന്നതും അവർക്ക് യഹോവയോട് അത്ര പ്രതിപത്തിയില്ലായിരുന്നു എന്നാണ് തെളിയുന്നത്.

അതുകൊണ്ട് ഈസെബേലിന്റെ ജീവചരിത്രം മരണത്തിൽ കലാശിച്ചു. അവൾ ജീവിച്ചിരുന്നപ്പോൾ തന്നെ, അവൾക്ക് ഏറ്റവും മോശമായ മരണമാണ് ലഭിച്ചത്. ദുഷ്ടതയുടേയും അധാർമ്മികതയുടേയും പര്യായമായി മാത്രമെ ഈസെബേലിനെ നമുക്ക് ഓർക്കുവാൻ കഴിയു (വെളിപ്പാട് 2:20). തെറ്റിനു വേണ്ടി - കാപട്യത്തിനും - ഇരുണ്ട അന്യമത ചടങ്ങുകൾക്കും - ആയിട്ടുള്ള അവളുടെ ജീവിതം, നരകത്തെ സ്വാഗതം ചെയ്യുന്നതായിരുന്നു. ആ ഗതി ആരാണ് തിരഞ്ഞെടുക്കുക? ജീവിതം ഭീതിജനകവും അന്ത്യം ഏറ്റം മോശവുമായി. ക്രിസ്തീയ സുവിശേഷപ്രചാരകന്റെ ജീവിതം ചിലപ്പോൾ പ്രയാസമുള്ളതായിരിക്കും, എന്നാൽ വിരമിക്കൽ "മറ്റൊരു ലോകത്തേക്കുള്ള" വിശ്രമമായിരി

ക്കും. പിശാചിന്റെ പ്രചാരകൻ ദുഷ്ടത പ്രവർത്തിക്കുന്നതിനാൽ, അവസാനം മരണം ദൈവത്തെ കൂടാതെയുള്ള ന്യായവിധി ആയിരിക്കും.

പിശാച് തന്റെ പ്രചാരകനു കൊടുക്കുന്ന കൂലി പ്രതികാര നാണയമായിരിക്കും. ഒരർത്ഥത്തിൽ, അവന്റെ പ്രചാരകർക്ക് ലഭിക്കുന്ന കൂലി അവരുടെ തന്നെ പ്രവർത്തികൾക്കുള്ളതായിരിക്കും. കാരണം മരിക്കുന്നത് പിശാചല്ല, അവർ തന്നെയാണ്. നിങ്ങളുടെ പ്രവർത്തികൾക്കുള്ള കൂലി അവസാനം നിങ്ങൾ തന്നെ കൊടുക്കേണ്ടി വരുന്നതിനെ കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഈസെബേൽ കണ്ടെത്തിയതുപോലെ, നിങ്ങൾ പിശാചിനുവേണ്ടി പ്രവർത്തിക്കുകയാണെങ്കിൽ അവസാനം നിങ്ങൾ ചെയ്ത പ്രവർത്തികൾക്കെല്ലാം നിങ്ങൾ തന്നെ കൂലി കൊടുക്കേണ്ടതായി വരും.

അവസാനം, ഈസെബേൽ തിന്മയുടെ എല്ലാ വശവും ചിത്രീകരിച്ചു – ജീവിതം, സ്വഭാവം, മറ്റുള്ളവരിലുള്ള സ്വാധീനവും, അതിന്റെ പ്രത്യാശാരാഹിത്യവും. ചെയ്യരുതാത്ത തെറ്റുകളുടെ ഒരു ഓർമ്മയായി അവളുടെ ജീവിതം.

ഈസെബേലിന്റെ തലമണ്ടയും മാംസരഹിതമായ കൈകളും കാലുകളും കിടക്കുന്നതു കാണുമ്പോൾ, അവളുടെ കല്ലറക്കല്ലിൽ എഴുതുവാൻ റോമർ 6:23 ലെ വാക്കുകളാണ് കിട്ടുന്നത്, അത് പിശാചിന്റെ പ്രവർത്തികൾ ചെയ്യുന്ന എല്ലാവർക്കുമുള്ളതാണ്: “പാപത്തിന്റെ ശമ്പളം മരണമത്രേ …” ഈസെബേൽ, തന്റെ യജമാനനായ സാത്താനു വേണ്ടി എന്തും ചെയ്യുമായിരുന്നു. അവളുടെ പ്രതിഫലം എന്തായിരുന്നു? മരണം!

**പഠിക്കേണ്ട പാഠം:
പിശാചിന്റെ ആപ്പിളുകളെല്ലാം
കേടായതാണ്**

---

കുറിപ്പുകൾ

[1]ഇതിൽ ഉൾപ്പെടുത്തുവാൻ ഞാൻ തിരഞ്ഞെടുത്ത വാക്കുകൾ *യുഗേലിസോ, കാറ്റാഗെലോ, കെരൂസോ, ലാലെയോ, പ്യരേസിയാസോമായി, പ്ലെരു, പാരാകലയോ* എന്നിവയാണ്. എന്റെ അഭിപ്രായത്തിൽ, പരിശുദ്ധാത്മാവ് പുതിയ നിയമ ഉപദേശത്തെ നിർവചിച്ച താക്കോൽ വാക്കുകളാണ് അവ. [2]യെഹൂദ ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരുന്നു ആഹാബിന്റെ വാഴ്ച. ആ സമയത്തായിരുന്നു “ലോകത്തിലെ നിർണായക യുദ്ധങ്ങൾ” നടന്നത്. ആ യുദ്ധമായിരുന്നു യഹോവയും ബാലും തമ്മിൽ നടന്നത് (എച്ച്. ഡി. എം. സ്പെൻസ് ആന്റ് ജോസഫ് എസ്സ്. എക്സൽ, ജന. എക്സ്, *പുൾപിറ്റ് കമന്ററി* [ഗ്രാന്റ് റാപ്പിട്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. എഡ്മാൻസ് പബ്ലിഷിംഗ് കമ്പനി., 1915; റീപ്രിന്റ് എഡി., ന്യൂയോർക്ക് : ഫ്രാങ്ക് ആന്റ് വാഗ്നൽസ് കമ്പനി., 1950], വാല്യം. 5, *ഫസ്റ്റ് കിംഗ്സ്,* ബൈ ജെ. ഹാമണ്ട് 373). [3]“… [അശ്ശേരിമസിനെ] അവന്റെ സഹോദരനായ ഫെലസ് കൊല്ലുകയും എട്ടുമാസത്തോളം മാത്രം വാഴുവാനും കഴിഞ്ഞു: അവനെ ഇതോബാലസ് [ഇത്ബാൽ], അസ്താർത്തയിലെ പുരോഹിതൻ മുപ്പത്തി-രണ്ടു വർഷം വാണു: അവനെ തുടർന്ന് അവന്റെ മകൻ ബെദേസോരസ് രാജാവായി …” (ജോസഫസ് എഗൈൻസ്റ്റ് അപ്പിയോൺ 1.18). [4]ഈ ദേവനെ മെൽക്കാർട്ട് എന്ന് വിളിച്ചിരുന്നു, റ്റെറിയൻ പ്രകടന പ്രകാരം അത് പാലസ്റ്റീനിയൻ ദേവനായ ബാൽ ആയിരുന്നു. [5]ഫൊയിനിക്യക്കാരെ വിളിച്ചിരുന്ന മറ്റൊരു പേരാണ് “സിദോന്യ”. ഫൊയിനിക്യയിലെ മുഖ്യ പട്ടണമായി സീദോനെ പറയുന്നു.

ഫൊയിനിക്യയുടെ തലസ്ഥാനമായിരുന്നു സോർ. [6]ഇതിലെ ചില പാഠങ്ങൾ ജെ. ബി. പ്രിച്ചാട്, എഡി., *ദ എൻഷ്യന്റ് നിയറീസ്റ്റ്: ആന്റ് ആന്തോളജി ഓഫ് ടെക്റ്റ്സ് ആന്റ് പിക്ച്ചേഴ്സ്.* (പ്രിൻസ്റ്റന്റ്, എൻ. ജെ.: പ്രിൻസ്റ്റൻ യൂനിവേഴ്സിറ്റി പ്രസ്സ്, 1965), 92–118. [7]ചോദിക്കാവുന്ന ചോദ്യം, "ഏലിയാവ് ബാലിന്റെ പ്രവാചകന്മാരെ കൊന്നതിനാൽ ഈസെബേൽ ദൈവത്തിന്റെ പ്രവാചകന്മാരെ കൊന്നത് എങ്ങനെ തെറ്റാകും?" ഈ ചോദ്യത്തിനുത്തരം നൽകുമ്പോൾ. പല ചിന്തകളും മനസ്സിലേക്കു വരുന്നു. ഒന്നാമത്, ബാലിന്റെ പ്രവാചകന്മാരെ ഈസബേൽ അയച്ചത് ദൈവത്തിന്റെ പ്രവാചകന്മാരെ കൊല്ലുവാനായിരിക്കാം. അതുകൊണ്ട്, അവരെ കുലപാതകികളായി കണക്കാക്കാം. രണ്ടാമത്, ഏറ്റവും മോശമായ മതമായിരുന്നു ബാലിന്റേത്. അതിനെ ആരാധിക്കുന്നവർ സകലവിധ ലൈംഗീക അധർമ്മവും, ബാല ബലിയും പ്രോത്സാഹിപ്പിച്ചിരുന്നു. ആ പാപങ്ങൾക്കെല്ലാം ന്യായപ്രമാണം മരണ ശിക്ഷയാണ് വിധിച്ചിരുന്നത്. മൂന്നാമത് ഏലിയാവിനെ തെറ്റായ മതത്തിൽനിന്നും പ്രവാചകന്മാരിൽ നിന്നും ജനത്തെ രക്ഷിക്കുവാൻ ദൈവം നിയോഗിച്ചതാണ്. ദൈവത്തിന്റെ പ്രവാചകന്മാരെ കൊല്ലുവാൻ ഈസബേൽ പ്രതിനിധികളെ അയച്ചപ്പോൾ, അവരെ ശിക്ഷക്ക് വിധിക്കേണ്ടത്, ദൈവദാസനായിരുന്ന ഏലിയാവിന്റെ കടമയായിരുന്നു. അങ്ങനെ ബാലിന്റെ പ്രവാചകന്മാർക്ക് ദൈവത്തിൽ നിന്ന് ശിക്ഷ ലഭിച്ചു; പിന്നീട് ഈസബേലിനും ശിക്ഷ ലഭിച്ചു. [8]ഈ രംഗം ചുരുക്കമായി ബർട്ടൻ കോഫ്മാൻ ഒരു ഖണ്ഡിക എഴുതിയിട്ടുണ്: "അവൾ തന്റെ രാജ്ഞീ സ്വഭാവം മരിക്കുന്നതുവരെ നിലനിർത്തി, രാജകീയ പ്രൗഢിയിൽ തന്നെയാണ് മരിച്ചത്. സർവ്വാലങ്കാരവിഭൂഷിതയായി (ഒരുപക്ഷെ തലയിൽ കിരീടവും ധരിച്ചിരിക്കാം). രാജഘാതകൻ എന്നാണ് ഏഹുവിനെ അവൾ വിളിച്ചത്, സിമ്രി അവന്റെ പ്രവൃത്തികൾക്ക് പിഴകൊടുത്തതായി, അവൻ കാണിക്കുന്നു" (ജെയിംസ് ബർട്ടൺ കോഫ്മാൻ *രണ്ട് രാജാക്കന്മാർ* [അബിലീൻ, ടെക്സ്.: എസിയു പ്രസ്സ്, 1992], 124).